പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ ദിവസവേതനം വർദ്ധിപ്പിക്കാൻ നടപടി

245 (6696) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം ചെയ്തുവരുന്നവരുടെ പരിമിതമായ ദിവസ വേതനം കാലാനുസൃതമായി പരിഷ്കരിച്ചുനൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പാചകക്കാരുടെ പ്രതിദിന വേതനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

246 (6697) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കല-കായിക മേഖലകളിൽ പ്രതിഭ തെളിയിക്കുന്ന യുവതീ-യുവാക്കൾക്ക് സർക്കാർ തലത്തിൽ ജോലി ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാന യുവജന കമ്മീഷൻ 2014-15 സാമ്പത്തിക വർഷം യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. പട്ടികജാതി/ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
2. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
3. സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

4. യൂത്ത് ഐക്കൺ പദ്ധതി

5. ജോബ് പോർട്ടൽ.

6. പ്രാദേശിക അദാലത്തുകൾ/സിറ്റിംഗുകൾ.

മുകളിൽ പറഞ്ഞ പദ്ധതികൾക്ക് പുറമെ, യുവജനങ്ങളുടെ അവകാശ നിഷേധവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ പരിശോധിച്ച് പരിഹാരശ്രമം നടത്തുന്നതിനും കമ്മീഷൻ യത്നിക്കുന്നുണ്ട്. യുവജനക്ഷേമ ബോർഡ് നടത്തുന്ന പരിപാടികളിൽ ഭൂരിഭാഗവും തുടർപദ്ധതികളാണ്. 2014-15 സാമ്പത്തിക വർഷം ബോർഡ് കേരളോത്സവം, യുവശക്തി യുവവേദികാസ്, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ, കരുതലും കൈത്താങ്ങും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൃഷി-പരിസ്ഥിതി, ദേശീയോദ്ഗ്രഥന പരിപാടികൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് ഭവൻ, പഠന ഗവേഷണകേന്ദ്രം എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പദ്ധതികളാണ് നടത്തിവരുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവതം സാഹിത്യ ക്യാമ്പ്

247 (6698) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക വഖഫ് ന്യൂനപക്ഷകാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവതം സാഹിത്യ ക്യാമ്പ് പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ :

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുതപരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ യുവ എഴുത്തുകാരുടെ കഴിവുകളെ പരിപോഷിപ്പിക്കുക, സാഹിത്യരംഗത്തെ പ്രഗത്ഭരുമായി സംവദിക്കുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കുക, അതിലൂടെ യുവസാഹിത്യകാരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly